# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 09.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ഊർജ്ജസ്വലമായ ജനാധിപത്യത്തിന്റെ ലോക മാതൃകയായി ഇന്ത്യ മാറിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു; ഓക് ലാന്റിൽ ഇന്ത്യൻ പ്രവാസി സമൂഹത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.**

   **President Droupadi Murmu said that India has become an example of vibrant democracy in the world; The President addressed the Indian diaspora community in Auckland**

2. **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ സന്ദർശിക്കും; 11-ാം ദിനവും ദുരന്തമേഖലയിൽ ഊർജിത തിരച്ചിൽ.**

   **Prime Minister Narendra Modi will visit Wayanad landslide affected areas tomorrow; 11th day intensive search in the disaster area**

3. **വയനാട്ടിലെ ദുരന്തബാധിതർക്ക് സംസ്ഥാന സർക്കാർ അടിയന്തര ധനസഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

Chief Minister Pinarayi Vijayan said that the state government will provide immediate financial assistance to the disaster victims of Wayanad

4. ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരു സഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു

   Both the Houses of Parliament were adjourned sine die today

5. നീറ്റ് പിജി പരീക്ഷ നീട്ടി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി തള്ളി.

   The Supreme Court dismisses the plea to postpone the NEET-PG exam

6. ഒളിമ്പിക്സിൽ പുരുഷ ഗുസ്തിയിൽ വെങ്കല മെഡൽ ലക്ഷ്യമിട്ട് ഇന്ത്യയുടെ അമൻ സെഹ്‌രാവത്ത് ഇന്നിറങ്ങും.

   India's Aman Sehrawat will be aiming for a bronze medal in men's wrestling at the Olympics today

&&&&&&&&&&&&&&&&&&

**PREZ - DIASPORA**

ഊർജ്ജസ്വലമായ ജനാധിപത്യത്തിന്റെ ലോക മാതൃകയായി ഇന്ത്യ മാറിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂസിലൻഡ് സന്ദർശന വേളയിൽ ഓക്‌ലാൻഡിൽ ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ ഉടൻ തന്നെ മാറുമെന്ന് പറഞ്ഞ

ശ്രീമതി മുർമു, ഓക്ലൻഡിൽ ഇന്ത്യൻ കോൺസുലേറ്റ് തുറക്കുമെന്നും അറിയിച്ചു. വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയുടെ വളർച്ചയ്ക്ക് സംഭാവന നൽകാനുള്ള വൈദഗ്ധ്യവും അനുഭവപരിചയവും ന്യൂസിലൻഡിനുണ്ടെന്ന് ചൂണ്ടിക്കാട്ടിയ രാഷ്ട്രപതി ഇന്ത്യൻ ആഘോഷങ്ങൾ പ്രവാസി സമൂഹം ന്യൂസിലൻഡിൽ സന്തോഷത്തോടെ ആഘോഷിക്കുന്നതിൽ സന്തോഷവും പ്രകടിപ്പിച്ചു. രണ്ട് ദിവസത്തെ ന്യൂസിലൻഡ് സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു ടിമോർ-ലെസ്റ്റെയിലേക്ക് തിരിച്ചു. നാളെ ഡിലിയിൽ എത്തുന്ന രാഷ്ട്രപതി ടിമോർ-ലെസ്റ്റെ പ്രസിഡൻ്റുമായും പ്രധാനമന്ത്രിയുമായും ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

**WAYANAD - PM**

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. നാളെ രാവിലെ 11 മണിയോടെ കണ്ണൂരിലെത്തുന്ന പ്രധാനമന്ത്രി അവിടെനിന്ന് വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശത്തിന്റെ ഏരിയൽ സർവേ നടത്തും.ഉച്ചയ്ക്ക് 12:15 ഓടെ ഉരുൾപൊട്ടൽ ബാധിത പ്രദേശം പ്രധാനമന്ത്രി സന്ദർശിക്കും. മേഖലയിൽ നടത്തുന്ന രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് രക്ഷാദൗത്യ സേന വിശദീകരിക്കും. പുനരധിവാസ പ്രവർത്തനങ്ങൾ

അദ്ദേഹം നേരിട്ട് വീക്ഷിക്കും. ദുരിതാശ്വാസ ക്യാമ്പും ആശുപത്രിയും സന്ദർശിക്കുന്ന പ്രധാനമന്ത്രി ഉരുൾപൊട്ടലിനെ അതിജീവിച്ചവരെ കാണുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യും.

തുടർന്ന് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേരും. ദുരന്തത്തെക്കുറിച്ചും ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്യും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## CM – WAYANAD

വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിത മേഖലയിൽ ഉള്ളവർക്ക്, മറ്റൊരു വാസസ്ഥലത്തേക്ക് മാറുന്നതിന് സംസ്ഥാന സർക്കാർ അടിയന്തര സഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്യാമ്പിൽ കഴിയുന്ന ഓരോ കുടുംബത്തിനും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിക്കും. ജീവനോപാധി നഷ്ടപ്പെട്ട കുടുംബത്തിലെ പ്രായപൂർത്തിയായ രണ്ട് വ്യക്തികൾക്ക് പ്രതിദിനം 300 രൂപ വീതം നൽകും. കിടപ്പുരോഗികളോ, ദീർഘനാളായി ചികിത്സയിൽ കഴിയുന്ന രോഗികളോ ഉള്ള കുടുംബങ്ങളിലെ മൂന്ന്

പേർക്കും ഈ ആനുകൂല്യം നൽകും. 30 ദിവസത്തേക്കാണ് ഈ തുക നൽകുക.

&&&&&&&&&&&&&&&&&&

## CENTRAL TEAM- MINISTER RIYAS

ദുരന്ത മേഖലയിൽ, കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘവും ഇന്ന് സന്ദർശനം നടത്തി. ഉരുൾപ്പൊട്ടലിൽ തകർന്ന വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളുടെ പുനർനിർമാണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടതായി മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PARLIAMENT SINE DIE -INTRO

ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. തിങ്കളാഴ്ച അവസാനിക്കാനിരുന്ന സമ്മേളനമാണ് ഇന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി പിരിഞ്ഞത്.

*വിശദാംശങ്ങളിലേക്ക്..........*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## LS-RAILWAYS BILL

റെയിൽവേ (ഭേദഗതി) ബിൽ 2024 ലോക്സഭയിൽ അവതരിപ്പിച്ചു. റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ആണ് ബില് സഭയിൽ അവതരിപ്പിച്ചത്. 1989ലെ റെയിൽവേ നിയമത്തിൽ ഭേദഗതി വരുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ബിൽ. റെയിൽവേ ബോർഡിൻറെ അധികാരം വർധിപ്പിക്കാനും റെയിൽവേയുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും ബിൽ സഹായകമാകുമെന്ന് റെയിൽവേ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS-CARRIAGE OF GOODS BILL

കടൽമാർഗം ചരക്കുകൾ എത്തിക്കുന്നത് സംബന്ധിച്ച ബില്ലും കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. കടൽ മാർഗം ചരക്ക് എത്തിക്കുന്നതിലെ ഉത്തരവാദിത്തം, ബാധ്യത, അവകാശം തുടങ്ങിയവ പ്രതിപാദിക്കുന്നതാണ് ബിൽ. 1925ലെ Indian Carriage of Goods by Sea നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും പുതിയ ബിൽ സർക്കാരിനെ ശാക്തീകരിക്കുമെന്നും ശ്രീ സർബാനന്ദ സോനോവാൾ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## REV EVE RS OPPOSITION

അധ്യക്ഷൻ ജഗ്ദീപ് ധൻഖറിനെക്കുറിച്ചു സമാജ്വാദി പാർട്ടി അംഗം ജയാ

ബച്ചൻ നടത്തിയ മോശം പരാമർശത്തിനെതിരെ ഭരണപക്ഷം ഇന്ന് രാജ്യസഭയിൽ പ്രമേയം കൊണ്ടുവന്നു. സഭാ നേതാവും കേന്ദ്ര ആരോഗ്യമന്ത്രിയുമായ ജെപി നദ്ദയാണ് പ്രതിപക്ഷ അംഗത്തിൻ്റെ പെരുമാറ്റത്തിനെതിരെ താക്കീത് നൽകണം എന്നാവശ്യപ്പെട്ടുള്ള പ്രമേയം അവതരിപ്പിച്ചത്. വിഷയത്തിൽ പ്രതിഷേധം അറിയിച്ച് പ്രതിപക്ഷ അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

&&&&&&&&&&&&&&&&&&

**PM-BJP SC ST**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലോക്സഭയിലെയും രാജ്യസഭയിലെയും പട്ടിക ജാതി പട്ടിക വർഗ എംപിമാരുമായി കൂടികാഴ്ച നടത്തി. പട്ടിക ജാതി- പട്ടിക വർഗത്തിലെ മുന്നാക്ക വിഭാഗങ്ങളെ പറ്റിയുള്ള സുപ്രീം കോടതിയുടെ നിരീക്ഷണം സംബന്ധിച്ച് ആശങ്ക അറിയിച്ചുള്ള എംപിമാരുടെ സംയുക്ത നിവേദനവും പ്രധാനമന്ത്രിക്ക് കൈമാറി.

&&&&&&&&&&&&&&&&&&

**HAR GHAR TIRANGA - FLAG**

ഒരാഴ്ച നീളുന്ന ഹർഘർ തിരംഗ പരിപാടിയ്ക്ക് രാജ്യത്ത് തുടക്കമായി. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 വരെ നീളുന്ന പരിപാടി പൗരന്മാരിൽ ദേശസ്നേഹം വളർത്തുന്നത്

ലക്ഷ്യമിട്ടാണ് സംഘടിപ്പിക്കുന്നത്. ഹർ ഘർ തിരംഗ പരിപാടിയെ അവിസ്മരണീയമായ ബഹുജന പ്രസ്ഥാനമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## SC-NEET

ഈ മാസം 11ന് നടത്താൻ നിശ്ചയിച്ച നീറ്റ് പിജി പരീക്ഷ നീട്ടണമെന്ന ഹർജി സുപ്രീം കോടതി തള്ളി. പരീക്ഷ മാറ്റിവയ്ക്കുന്നത് രണ്ടു ലക്ഷത്തോളം വിദ്യാർത്ഥികളുടെ ഭാവിയോടുള്ള അനീതിയായിരിക്കുമെന്നും ഹർജി തള്ളികൊണ്ട് കോടതി പറഞ്ഞു. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർഡിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. പരീക്ഷാ കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന നഗരങ്ങളിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതായി കാണിച്ചായിരുന്നു പരാതി. 500 കേന്ദ്രങ്ങളിലാണ് ഇത്തവണ നീറ്റ് പി ജി പരീക്ഷ നടക്കുക.

&&&&&&&&&&&&&&&&&&

## PARIS OLYMPICS SCHEDULE

പാരീസ് ഒളിമ്പിക്സിൽ പുരുഷ ഗുസ്തിയിൽ വെങ്കല മെഡൽ ലക്ഷ്യമിട്ട് ഇന്ത്യയുടെ അമൻ സെഹ്രാവത്ത് ഇന്നിറങ്ങും.

ഇന്ന് ചാംപ്-ഡി-മാർസ് അരീനയിൽ നടക്കുന്ന 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ പൂർട്ടോ റിക്കോയുടെ ഡാരിയൻ ക്രൂസിനെയാണ് അമൻ നേരിടുക. ഇന്ത്യൻ സമയം രാത്രി 9:45 നാണ് മത്സരം. ഗോൾഫ് മത്സരത്തിൽ ഇന്ത്യയുടെ അദിതി അശോകും ദിക്ഷ ദാഗറും രണ്ടാം റൗണ്ടിലെ അവരുടെ സ്ഥാനം മൂന്നാം റൗണ്ടിലും നിലനിർത്തിയെങ്കിലും മെഡൽ പോരാട്ടത്തിൽ വളരെ പിന്നിലാണ്. അത്‌ലറ്റിക്സിൽ 4*400 മീറ്റർ റിലേ ഹീറ്റ്സിൽ ഇന്ത്യയുടെ പുരുഷ ടീം സീസണിലെ മികച്ച പ്രകടനം പുറത്തെടുത്തെങ്കിലും ഫൈനലിൽ ഇടം നേടാനായില്ല. വനിതാ ടീം എട്ടാമതാണ് ഫിനിഷ് ചെയ്തത്. പാരീസ് ഒളിമ്പിക്സിന്റെ സമാപന പരിപാടികളിൽ കായിക താരങ്ങളായ പി ആർ ശ്രീജേഷും മനു ഭാക്കറും ഇന്ത്യൻ പതാകയേന്തും. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് ഇക്കാര്യമറിയിച്ചത്.

&&&&&&&&&&&&&&&&&&

**PM NEERAJ CHOPRA**

പാരീസ് ഒളിമ്പിക്സിൽ വെള്ളി മെഡൽ നേടിയ ജാവലിൻ ത്രോ താരം നീരജ് ചോപ്രയോട് പ്രധാനമന്ത്രി നരേന്ദ്രമോദി സംസാരിച്ചു. രാജ്യത്തിനായി മെഡൽ നേടിയതിന് അദ്ദേഹത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

**US-EGYPT-QATAR**

ഗാസയിൽ നിലനിൽക്കുന്ന സംഘർഷം ലഘൂകരിക്കാൻ ചർച്ചകൾ പുനരാരംഭിക്കണമെന്ന് അമേരിക്ക, ഈജിപ്റ്റ്, ഖത്തർ എന്നീ രാജ്യങ്ങൾ ഇസ്രായേലിനോടും ഹമാസിനോടും ആവശ്യപ്പെട്ടു. മൂന്ന് രാജ്യങ്ങളും ഇത് സംബന്ധിച്ച് സംയുക്ത പ്രസ്താവന പുറത്തിറക്കി. പ്രതിസന്ധിക്ക് സമാധാനപരമായ പരിഹാരം കണ്ടെത്തേണ്ടതിൻ്റെയും മേഖലയിലെ സാധാരണക്കാരുടെ ക്ഷേമത്തിന് മുൻഗണന നൽകേണ്ടതിന്റെയും പ്രാധാന്യം രാഷ്ട്രങ്ങൾ എടുത്തു പറഞ്ഞു. സ്ഥിരമായ വെടിനിർത്തൽ സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയും അവർ പ്രകടിപ്പിച്ചു. ഓഗസ്റ്റ് 15-ന് ദോഹയിലോ കെയ്റോയിലോ വെച്ച് നടത്താൻ ഉദ്ദേശിക്കുന്ന സാമാധാന ചർച്ചകളിലേക്ക് പ്രതിനിധികളെ അയക്കുമെന്ന് ഇസ്രായേൽ അറിയിച്ചിട്ടുണ്ട് . എന്നാൽ ഹമാസ് ഇതുവരെ പ്രതികരിച്ചിട്ടില്ല.

&&&&&&&&&&&&&&&&&&

## AIR INDIA-SUSPENDED

പശ്ചിമേഷ്യൻ മേഖലയിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് എയർ ഇന്ത്യ ഇസ്രായേലിലെ ടെൽ അവീവിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചു. സ്ഥിതിഗതികൾ തുടർച്ചയായി നിരീക്ഷിച്ചു വരികയാണെന്നും യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ കണക്കിലെടുത്ത് മേഖലയിലെ പ്രവർത്തനങ്ങൾ

താൽക്കാലികമായി നിർത്തിവച്ചതായി എയർ ഇന്ത്യ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&

**TRUMP-HARRIS-DEBATE**

യുഎസ് പ്രസിഡൻ്റ് തെരഞ്ഞെടുപ്പിലേക്കുള്ള റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥി കമലാ ഹാരിസും അടുത്ത മാസം 10 ന് ടെലിവിഷൻ സംവാദത്തിൽ പങ്കെടുക്കും. ഇരുവരും നേർക്ക് നേർ വരുന്ന ചർച്ച ആകാംഷയോടെയാണ് അമേരിക്കൻ ജനത കാത്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**RAIN - KERALA**

കേരളത്തിൽ മറ്റന്നാൾ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഞായറാഴ്ച മഞ്ഞ ജാഗ്രത നൽകി. തെക്കൻ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ മുതൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് നിരോധനമേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&